LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റം

88(5247) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ.ഉ.(പി)നമ്പർ 3/2017 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.എഫ്.ഇ.-യിൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചതെന്നറിയിക്കാമോ?

ഉണ്ട്. കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ 15-5-2017-ൽ പ്രസിദ്ധീകരിച്ചു.

(ബി) മാർഗ്ഗനിർദ്ദേശരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ സ്ഥലംമാറ്റങ്ങൾ നടത്തുന്നത്; വ്യക്തമാക്കാമോ?

മാർഗ്ഗനിർദ്ദേശരേഖയിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റങ്ങൾ നടത്തുന്നത്.

(സി) മാർഗ്ഗനിർദ്ദേശരേഖ പ്രകാരം സ്ഥലമാറ്റത്തിനുള്ള അപേക്ഷകരുടെ വിവരങ്ങളും തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുള്ള മുൻഗണനാ പട്ടികയും കഴിഞ്ഞ നാല് വർഷമായി പ്രസിദ്ധീകരിക്കാറുണ്ടോ; വിശദമാക്കാമോ?

മുൻഗണനാ പട്ടിക കമ്പനി പ്രസിദ്ധീകരിക്കാറില്ല.

(ഡി) പ്രസ്തുത മാർഗ്ഗനിർദ്ദേശരേഖ പാലിക്കണമെന്നാവശ്യപ്പെട്ട് സംഘടനകൾ കോടതിയെ സമീപിച്ചത് കെ.എസ്.എഫ്.ഇ.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്ത് നടപടി സ്വീകരിച്ചെന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘടനകൾ സമർപ്പിച്ച ഹർജികളിൽ അവരുടെ നിവേദനങ്ങൾ തീർപ്പ് കല്പിക്കണമെന്നാണ് ബഹു. ഹൈക്കോടതിയുടെ വിധി. അതുപ്രകാരം നിവേദനങ്ങൾ തീർപ്പ് കല്പിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റം

89(5248) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സ.ഉ.(പി)നമ്പർ 3/2017/ഉ.ഭ.വ പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെ.എസ്.എഫ്.ഇ.-യിൽ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത്; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്; കെ.എസ്.എഫ്.ഇ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ 15-5-2017-ൽ പ്രസിദ്ധീകരിച്ചു.

(ബി) മാർഗ്ഗനിർദ്ദേശരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരമാണോ സ്ഥലം മാറ്റങ്ങൾ നടത്തുന്നത്; വ്യക്തമാക്കാമോ?

മാർഗ്ഗനിർദ്ദേശരേഖയിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റങ്ങൾ നടത്തുന്നത്.

(സി) മാർഗ്ഗനിർദ്ദേശരേഖ പ്രകാരം ട്രാൻസ്ഫർ അപേക്ഷകരുടെ വിവരങ്ങളും തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുള്ള മുൻഗണനാ പട്ടികയും കഴിഞ്ഞ നാല് വർഷങ്ങളായി പ്രസിദ്ധീകരിക്കാറുണ്ടോ; വ്യക്തമാക്കാമോ?

മുൻഗണനാ പട്ടിക കമ്പനി പ്രസിദ്ധീകരിക്കാറില്ല.

(ഡി) സ്ഥലംമാറ്റത്തിനായുള്ള മാർഗ്ഗനിർദ്ദേശരേഖ പാലിക്കണമെന്നാവശ്യപ്പെട്ട് സംഘടനകൾ കോടതിയെ സമീപിച്ചത് കെ.എസ്.എഫ്.ഇ.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘടനകൾ സമർപ്പിച്ച ഹർജികളിൽ അവരുടെ നിവേദനങ്ങൾ തീർപ്പ് കല്പിക്കണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി. അത് പ്രകാരം നിവേദനങ്ങൾ തീർപ്പ് കല്പിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-ക്ക് പുതിയ ബ്രാഞ്ചുകൾ

90(5249) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്.

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പാടിച്ചാലിൽ കെ.എസ്.എഫ്.ഇ.-ക്ക് പുതിയ ബ്രാഞ്ച് ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ബിസിനസ്സ് പ്രായോഗികത വിലയിരുത്തി കെ.എസ്.എഫ്.ഇ എം.ഡി. തുടർനടപടികൾ സ്വീകരിക്കുന്നതാണ്.